# നിർഭയ കേരളം സുരക്ഷിത കേരളം

തിരുവനന്തപുരം സിറ്റി പോലീസിന്റെ നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതിയുടെ ആഭിമുഖ്യത്തിൽ 27/01/2018 തീയതി പദ്ധതിയുടെ ചെയർമാനായ ജില്ലാ പോലീസ് മേധാവി ശ്രീ. പി. പ്രകാശിന്റെയും തിരുവനന്തപുരം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറും നിർഭയ പദ്ധതിയുടെ നോഡൽ ഓഫീസറുമായ ശ്രീ. എം.എസ് സന്തോഷിന്റെയും നേതൃത്വത്തിൽ വലിയതുറ സെന്റ് ആഡ്രൂസ് സ്കൂളിൽ വച്ച് കുട്ടികൾക്കു വേണ്ടി സ്ത്രീ സുരക്ഷ ക്ലാസ്സും സ്വയം പ്രതിരോധ പരിശീലന പരിപാടിയും സംഘടിപ്പിച്ചു. ജില്ലാ ക്രൈം ബ്രാഞ്ച് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. എം. അൽത്താഫ് അലി സ്ത്രീ സുരക്ഷയെ സംബന്ധിച്ച ക്ലാസ് നടത്തി. തുടർന്ന് കുട്ടികൾക്ക് വേണ്ടി നടന്ന സ്വയം പ്രതിരോധ പരിശീലനത്തിന് കേരള പോലീസിലെ വനിത പരിശീലന സംഘം നേതൃത്വം നൽകി. സ്കൂൾ ഹെഡ് മിസ്ട്രസ്സ് ബിന്ദു സ്വാഗതവും ശ്രീമതി ആനി കൃതജ്ഞതയും രേഖപ്പെടുത്തിയ യോഗത്തിൽ മാനേജർ റവ. സിസ്റ്റർ ഡോ. റോസ് ആൻ ആന്റണിയും സുപീരിയർ സിസ്റ്റർ ലാലിയും സംസാരിച്ചു.

OFFICE OF THE ASST. COMMISSIONER OF POLICE
THIRUVANANTHAPURAM CITY
DIST. CRIME BRANCH

Assistant Commissioner of Police
District Crime Branch
Thiruvananthapuram City